ഉത്തരം

(എ) 22-5-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം 44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം താഴെപ്പറയുന്ന ഘടകങ്ങൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

1. Parking area
2. Paved area
3. Padithurai
4. Rain Shelter
5. Entry/Ticket Counter
6. Seating
7. Soft landscaping

പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഇറിഗേഷൻ വകുപ്പാണ്. പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിലുള്ള പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് കൂടുതൽ പദ്ധതികൾ ആവശ്യമെങ്കിൽ അവ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വിനോദസഞ്ചാരികൾക്ക് വഴിയോര വിശ്രമകേന്ദ്രങ്ങൾ

343 (1051) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയോരത്തും മറ്റു പ്രധാന പാതയോരങ്ങളിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും വിശ്രമിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതുമൂലം വിനോദസഞ്ചാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) KTDC, DTPC, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവരുമായി ചേർന്ന് സംസ്ഥാനത്താകെ വഴിയോര വിശ്രമ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ദേശീയ പാതയോരങ്ങളിലും മറ്റു പ്രധാന പാതയോരങ്ങളിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി 'take a rest' എന്ന പേരിൽ ഒരു പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രാരംഭദിശയിലാണ്.

വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തന മികവിനുള്ള അവാർഡ്

344(1052) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാരവകുപ്പിന്റെ പ്രവർത്തനമികവ് കണക്കിലെടുത്ത് ഈ സർക്കാരിന്റെ കാലത്ത് അവാർഡുകൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) യു.എൻ.ഒ.-യുമായി ബന്ധപ്പെട്ട ഏതെങ്കിലും ഏജൻസികളുടെ അവാർഡ് വിനോദസഞ്ചാരവകുപ്പിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly